കണ്ണൂർ സർവ്വകലാശാല

പരീക്ഷാ വിഭാഗം

www.kannuruniversity.ac.in

No. EG.I..2/PR/2022 കെ.യു.എച്ച് .കണ്ണൂർ ,തീയ്യതി20.04.2022

പ്രസിദ്ധീകരണത്തിന്

പരീക്ഷാ ഫലം

കണ്ണൂർ സർവ്വകലാശാല പഠന വകുപ്പിലെ രണ്ടാം സെമെസ്റ്റർ എം.എസ്.സി മോളിക്യുലാർ ബയോളജി(സി.ബി.സി.എസ്.എസ്-റഗുലർ,2020അഡ്മിഷൻ)മെയ് 2021 പരീക്ഷാ ഫലം സർവ്വകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. ഉത്തരക്കടലാസ് പുനർമൂല്യ നിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും പകർപ്പിനുമുള്ള അപേക്ഷ സ്വീകരിക്കുന്ന അവസാന തീയ്യതി 2022 ഏപ്രിൽ30

രണ്ടാം വർഷ അഫ്സൽ ഉൽ ഉലമ പ്രിലിമിനറി റഗുലർ പരീക്ഷയ്ക്ക്(ഏപ്രിൽ2022) രജിസ്റ്റർ ചെയ്യുമ്പോൾ ലഭ്യമാകുന്ന പെയ്മെന്റ് ഗേറ്റ് വഴി (എസ്.ബി.ഐ.ഇ പേ)മാത്രമേ പരീക്ഷാ ഫീസടയ്ക്കാൻ പാടുള്ളൂ.എസ്.ബി.ഐ.കലക്ട് വഴി ഫീസടച്ചാൽ പരീക്ഷാ രജിസ്ട്രേഷൻ നടത്താൻ സാധിക്കുന്നതല്ല.

സർവ്വകലാശാലയുടെ അഫിലിയേറ്റഡ് കോളജുകളിലെ നാലാം സെമെസ്റ്റർ ബിരുദാനന്തര ബിരുദ പരീക്ഷകൾക്ക് (ഏപ്രിൽ2022) വേണ്ടി എസ്.ബി.ഐ.കലക്ട് വഴി ഫീസടച്ചുപോയവർക്ക് ഓൺലൈൻ വഴി രജിസ്ട്രേഷൻ നടത്താനുള്ള ലിങ്ക് 2022 ഏപ്രിൽ 22ന് സർവ്വകലാശാല വെബ്സൈറ്റിൽ ലഭ്യമായിരിക്കും. വിദ്യാർത്ഥികൾ അന്നേ ദിവസം തന്നെ പരീക്ഷാ രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കേണ്ടതാണ്.

എസ്.ബി.ഐ കലക്ട് വഴി ഫീസടച്ച ബിരുദ വിദ്യാർത്ഥികളുടെ പരീക്ഷാ രജിസ് ട്രേഷൻ ഫോറം ഫീ രശീതി ഉള്ളടക്കം ചെയ്ത് നിർബന്ധമായും ഏപ്രിൽ 22 നും ബിരുദാനന്തര ബിരുദ വിദ്യാർത്ഥികളുടെത് ഏപ്രിൽ 23 നും സർവ്വകലാശാലയിൽ സമർപ്പിക്കേണ്ടതാണ്

(ഒപ്പ്)
അസിസ്റ്റന്റ് രജിസ്ട്രാർ I
പരീക്ഷാ വിഭാഗം